

അധ്യാപകസഹായി

# അൽഫോൻസാ വിഭാഗം



## അധ്യാപകസഹായി

## അൽഫോൻസാ വിഭാഗം

**പൊതുവായ ചില കാര്യങ്ങൾ**

1. അഞ്ചു ദിവസങ്ങളിലെയും പാഠഭാഗങ്ങൾക്ക് ഒരു ഗാനത്തിന്റെ വരികളാണ് പേരായി നൽകിയിരിക്കുന്നത്. ആ പാട്ടിന്റെ പൂർണ്ണ രൂപം ഇതാണ്. ഇത് എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുന്നതിനുമുമ്പ് ആവർത്തിച്ച് പാടിപ്പിക്കുന്നത് ദൈവസാന്നിധ്യ സ്മരണ ഉണ്ടാവുന്നതിനും ദൈവകൃപയാൽ നിറയുന്നതിനും സഹായിക്കും.

   പിതാവാം ദൈവത്തിനുമാരാധന
   പുത്രനാം ദൈവത്തിനുമാരാധന
   ആത്മാവാം ദൈവത്തിനുമാരാധന
   ത്രിയേക ദൈവത്തിനുമാരാധന
   ഹാലേലൂയ ഹാലേലൂയ ഹാലേലൂയാ

2. ഓരോ ദിവസത്തിന്റെയും പേരിനുശേഷം നൽകിയിരിക്കുന്ന സുകൃതജപങ്ങൾ ഓരോ ദിവസവും ക്ലാസിൽ പലതവണ ഒന്നിച്ചു ചൊല്ലിക്കുന്നത് നല്ലതായിരിക്കും.

3. ആത്മീയ യുദ്ധ സന്നാഹം

   *എല്ലാ ദിവസവും ആവർത്തിക്കുന്ന ഈ പ്രവർത്തനത്തിന്റെ പാഠ്യലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.*

   - ക്രൈസ്തവ ജീവിതം മരണംവരെ ഒരു ആത്മീയ പോരാട്ടമാണെന്നു കുട്ടി തിരിച്ചറിയണം.
   - അലറുന്ന സിംഹത്തേപ്പോലെ നമ്മെ തിന്മയിൽവീഴ്ത്താനാഗ്രഹിക്കുന്ന ഒരു ശക്തി ഉണ്ടെന്നു തിരിച്ചറിയണം.
   - ആ ശക്തിയെ തോൽപിപ്പിച്ചവനാണ് നമ്മുടെ ദൈവമെന്നും നമ്മുടെ ദൈവം ആ തിന്മയേക്കാൾ ശക്തനാണെന്നും തിരിച്ചറിയണം.
   - തിന്മയുടെ ശക്തിയുടെ തന്ത്രങ്ങൾ ഏവയെന്ന് തിരിച്ചറിയാൻ കഴിയണം.
   - തിന്മയെ ചെറുത്തു തോൽപിക്കാനുള്ള ആത്മീയ ആയുധങ്ങൾ ഏവയെന്നു തിരിച്ചറിയണം.
   - അവ മരണം വരെ മൂർച്ച കൂട്ടി ഉപയോഗിക്കാനുള്ള ശീലം കുഞ്ഞുങ്ങളിൽ വേരുറപ്പിക്കണം.

*എന്തൊക്കെയാണ് ആത്മീയ സമരായുധങ്ങളായി കുട്ടികൾക്ക് പറഞ്ഞു കൊടുക്കാവുന്നത് (പറഞ്ഞു കൊടുക്കുമ്പോൾ അവ ഉപയോഗിച്ച് തിന്മയെ ചെറുത്ത് തോല്പിച്ച ഉദാഹരണങ്ങൾ വ്യക്തിപരമായുടെ ഒപ്പം വിശുദ്ധരുടെയുടേതുമൊക്കെ പറയാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ).*

സഭയുടെ എല്ലാ ഔദ്യോഗിക പ്രാർത്ഥനകളും കൂദാശകളും വിശുദ്ധ കുർബാന, കുമ്പസാരം, ജപമാല, കരുണക്കൊന്ത, സ്വർഗ്ഗസ്ഥനായ പിതാവേ, നന്മ നിറഞ്ഞ മറിയം, ത്രിത്വസ്തുതി, വിശ്വാസപ്രമാണം, സുകൃത ജപങ്ങൾ, ഈശോ എന്ന നാമം, ദിവ്യകാരുണ്യ സന്ദർശനങ്ങൾ, ഉപവാസം, ത്യാഗപ്രവൃത്തികൾ, സത്പ്രവൃത്തികൾ തുടങ്ങിയവ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

എങ്ങിനെയാണ് ഓരോ ഗ്രൂപ്പിന്റെയും ആത്മീയ സമരായുധങ്ങൾ പ്രദർശിപ്പിക്കുക. അതിൽ ഓരോ സമരായുധങ്ങളും എഴുതുക. (ജപമാല, കുർബാന തുടങ്ങിയവ) അവയുടെ നേരെ ഓരോ ഗ്രൂപ്പും സമ്പാദിച്ചിരിക്കുന്നത് എഴുതുക.

**എന്താണ് അവസാന ദിവസം നല്കിയിരിക്കുന്ന ഹെവൻലി അവാർഡ് നൈറ്റ്?**

ഇത് ആദ്യ ദിവസം മുതൽ ഒരുങ്ങേണ്ട ഒരു പ്രവർത്തനമാണ്.

ഇത് ഒരു ആത്മീയ അവാർഡ് ദാനമാണ്. ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരു അവാർഡ് കിട്ടും. അതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക.

ആദ്യദിവസം ഗ്രൂപ്പ് തിരിച്ച് കഴിയുമ്പോൾ തന്നെ ഒരാൺകുട്ടിയേയും പെൺകുട്ടിയെയും ലീഡേഴ്സായി തെരെഞ്ഞെടുക്കണം.

പക്ഷേ ലീഡേഴ്സ് എന്നല്ല, മറിച്ച് ആ വീട്ടിലെ മാർട്ടിനും സെലിനും എന്നുവേണം അവർ അറിയപ്പെടാനും അഭിസംബോധന ചെയ്യപ്പെടാനും. ഇതിന്റെ ലക്ഷ്യം ഭാവിയിൽ അവർ വിവാഹ ദൈവവിളി സ്വീകരിച്ച് ഒരു കുടുംബത്തിനു ജന്മം നൽകുമ്പോൾ അവർ വിശുദ്ധ ദമ്പതികൾ ആകണമെന്നും അവിടെ ജനിക്കുന്ന കുഞ്ഞുങ്ങൾ വിശുദ്ധരാകണമെന്നുമുള്ള സന്ദേശമാണ്. ഇനി അവസാന ദിവസം അരമണിക്കൂർ ദൈർഘ്യമുള്ളൊരു അവാർഡ് നൈറ്റാണ് ഒരുങ്ങേണ്ടത്. അത് നടക്കുന്നത് സ്വർഗ്ഗത്തിലാണ്. ആ രീതിയിൽ സ്വാഗതവും അവതരണവും അലങ്കാരങ്ങളുമൊക്കെ ആസൂത്രണം ചെയ്യുക.

താഴെ പറയുന്ന  വിഭാഗങ്ങളിലാണ് അവാർഡ്. അതിനാൽ ആദ്യ ദിവസം തന്നെ ഓരോ ഗ്രൂപ്പും തങ്ങളുടെ ഗ്രൂപ്പിൽ ഒരു വിഭാഗങ്ങളിൽ ആരെയാണ് അവസാന ദിവസത്തേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതെന്നു ആലോചിച്ച് തുടങ്ങേണ്ടതാണ്.

എല്ലാ ഗ്രൂപ്പിൽ നിന്നും താഴെ പറയുന്ന ആൾക്കാരെ അവസാന ദിവസം കണ്ടെത്തേണ്ടതാണ്.

1. മാർട്ടിനും സെലിനും (ഗ്രൂപ്പ് ലീഡേഴ്സ്)
2. വിശുദ്ധ കൊച്ചുത്രേസ്യാ (പ്രാർത്ഥന, സന്യാസ ദൈവവിളിയോടുള്ള ആഭിമുഖ്യം)
3. വിശുദ്ധ ജോൺ മരിയ വിയാനി (പ്രാർത്ഥന, വിശുദ്ധ കുർബാന ഭക്തി, അടുത്തടുത്ത കുമ്പസാരം, വൈദിക ദൈവവിളിയോടുള്ള ആഭിമുഖ്യം)
4. വിശുദ്ധ മരിയ ഗൊരേത്തി (പ്രാർത്ഥന ആത്മീയ തീക്ഷണത, മാന്യമായ വസ്ത്രധാരണം തുടങ്ങിയവ)
5. വിശുദ്ധ ഡോമിനിക് സാവിയോ (പ്രാർത്ഥന, കുർബാന ഭക്തി, മാന്യമായ വസ്ത്രധാരണം, മറ്റുള്ളവരെ ഈശോയിലേക്ക് അടുപ്പിക്കാനുള്ള ആഗ്രഹം)
6. വിശുദ്ധ മദർ തെരേസാ (പ്രാർത്ഥന, ഉപവി പ്രവർത്തനം, പരസഹായം)
7. വിശുദ്ധ വിൻസെന്റ് ഡി പോൾ (പ്രാർത്ഥന, ഉപവി പ്രവർത്തനം, പരസഹായം)
8. വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സി (പ്രാർത്ഥന, ലാളിത്യം, പരിത്യാഗ പ്രവൃത്തികൾ, സ്നേഹം)
9. വിശുദ്ധ ക്ലാര (പ്രാർത്ഥന, ലാളിത്യം, പരിത്യാഗ പ്രവൃത്തികൾ, സ്നേഹം)
10. വിശുദ്ധ സെബസ്ത്യാനോസ് (തീക്ഷ്ണത, കഠിനാധ്വാനം, ധൈര്യം)
11. വിശുദ്ധ അൽഫോൻസാമ്മ (പ്രാർത്ഥന, ലാളിത്യം, പരിത്യാഗ പ്രവർത്തികൾ, സ്നേഹം)

ഇതുപോലെ കുട്ടികളുടെ എണ്ണമനുസരിച്ച് വിശുദ്ധരുടെ എണ്ണം കൂട്ടാം.

നാലാം ദിവസം അവസാനത്തോടെ ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ വിഭാഗത്തിലുമുള്ള കുട്ടികളുടെ പേര് അധ്യാപകർ ശേഖരിച്ച് പ്രഖ്യാപിക്കുക. അഞ്ചാം ദിവസം ആ വിശുദ്ധരോട് പ്രാർത്ഥിച്ച്

അവാർഡ് സ്വീകരിക്കാൻ തയ്യാറായി വരിക. അവാർഡായി മെഡലോ തൊപ്പിയോ നൽകാവുന്നതാണ്.

അവാർഡുകൾ വിശുദ്ധർക്ക് പരസ്പരം സമ്മാനിക്കാവുന്നതാണ്.

ഉദാഹരണത്തിന് രണ്ടാം ഗ്രൂപ്പിലെ വിശുദ്ധ സെലിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അനുമോൾക്ക് ഒന്നാം ഗ്രൂപ്പിലെ വിശുദ്ധ മാർട്ടിൻ അവാർഡ് നൽകുന്നു.

## ഒന്നാം ദിവസം

ഗ്രൂപ്പ് തിരിയുന്നതിനു മുൻപായി പാഠ പുസ്തകത്തിൽ നൽകിയിരിക്കുന്ന ചിത്രങ്ങളുടെ സഹായത്തോടെ ഓരോ ചിത്രവും സൂചിപ്പിക്കുന്ന കുടുംബം ഏതെന്നു കണ്ടെത്തി കുട്ടികൾ ആ ചിത്രത്തിനു താഴെ എഴുതണം. ഗ്രൂപ്പ് തിരിക്കാനായി ഈ ഓരോ കുടുംബത്തെയും സംബന്ധിച്ച് സൂചനകൾ അധ്യാപകർ ഒരു നോട്ടിലെഴുതി ഒരു സമ്മാനപ്പെട്ടിയിൽ ഇട്ട് കുട്ടികൾക്കു നൽകണം.

ഉദാഹരണത്തിന് ആദ്യ കുടുംബത്തിനുള്ള സൂചനകൾ ഇങ്ങനെ നൽകാം.

ആദം, ഹവ്വ, ഏദൻതോട്ടം, കായേൻ, ആബേൽ, പിഷോൺ നദി, റ്റൈഗ്രീസ്, യൂഫ്രടീസ് നദി തിരുക്കുടുംബത്തിനു നസറത്ത്, ഈശോ മറിയം യൗസേപ്പ്, ജ്ഞാനത്തിലും പ്രായത്തിലും അവൻ ദൈവമനുഷ്യ സംപ്രീതിയിൽ വളർന്നു തുടങ്ങിയവ

**പരിപാലനയുടെ തണൽ**

*കുട്ടികളെ അഞ്ചുമിനിറ്റ് നേരത്തേക്ക് പുറത്തു വിടുക. ഇനി അവർ ചെയ്യേണ്ടത് പ്രകൃതിയിൽ നിന്നു കിട്ടുന്ന എന്തെങ്കിലുമൊരു വസ്തു (മണൽത്തരി, ഉണക്കക്കമ്പ്, മൺതരി, ഇല, പൂവ്, വേസ്റ്റ് കടലാസ്, എന്തും)*

ഇനി അവർ അതിനേക്കുറിച്ചൊന്നു ധ്യാനിച്ചിട്ട് ആ വസ്തു ദൈവീകമായ എന്തെങ്കിലും തന്നെ ഓർമ്മിപ്പിക്കുന്നുണ്ടോയെന്നു പറയണം.

ഉദാഹരണത്തിന്: ഈ ഉണക്കക്കൊമ്പ് ദൈവവുമായുള്ള ബന്ധത്തെ ഓർമ്മിപ്പിക്കുന്നു. തായ്ത്തടിയായ ഈശോയോട് ചേർന്നു നിന്നില്ലെങ്കിൽ ഞാനും ഇതുപോലെ ഉണങ്ങി അടർന്നു പോകും.

അടുത്ത ദിവസം വരുമ്പോൾ ഇതുപോലുള്ള വീട്ടുപകര

ണങ്ങൾ (വളരെ ചെറുത്, കയ്യിലെടുക്കാവുന്നത് മാത്രം) കൊണ്ടു വന്ന് ഓരോ ഗ്രൂപ്പും അതൊരു കട്ടിയുള്ള പ്രതലത്തിൽ ഒട്ടിച്ച് ആ ഓരോ വസ്തുവിനും നേരെ ദൈവത്തേക്കുറിച്ചുള്ളൊരു ചിന്ത എഴുതണം.

ഉദാഹരണത്തിന് സ്പൂണിനു താഴെ, എന്റെ ദൈവം എന്നെ പോറ്റുന്നു.

## രണ്ടാം ദിവസം

## പുത്രനാം ദൈവത്തിനുമാരാധന

**പ്രവർത്തനം 5: ആരാണ് വലിയ അതിഥി**

ഈ ചിത്രകഥ വിശകലനം ചെയ്തു കളിയുമ്പോൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്കു കിട്ടേണ്ട തിരിച്ചറിവുകൾ

ദൈവം എന്തെങ്കിലുമൊക്കെ ഭൗതികമായ ദാനങ്ങൾ തരുന്നതില ല്ല, ദൈവത്തിന്റെ മകനാകാൻ കഴിയുന്നതാണ് ഏറ്റവും വലിയ അനുഗ്രഹം.

എന്റെ മാതാപിതാക്കന്മാരേക്കാൾ എന്നെ സ്നേഹിക്കുന്നതും എന്നോട് ഉത്തരവാദിത്വമുള്ളതും എന്റെ ദൈവത്തിനാണ്. എന്തു ആവശ്യമുണ്ടെങ്കിലും അത് മാതാപിതാക്കന്മാരേക്കാൾ സാധിച്ചു തരാൻ കഴിയുന്നത് ഈശോയ്ക്കാണ്.

**പ്രവർത്തനം 11 : ദൈവം വിരുന്നു വന്ന വീടുകൾ**

കുട്ടികൾ വചനഭാഗമുപയോഗിച്ച് ബൈബിളിൽ നിന്നും ആ കുടുംബത്തെ കണ്ടെത്തുന്നു. ഇനി ദൈവം കടന്നുപോയപ്പോൾ ആ കുടുംബത്തിന്റെ വീട്ടുപേര് ഒന്നു പുതുക്കി എഴുതണം.

ഉദാഹരണത്തിനു സക്കേവൂസിന്റെ വീട് ഈശോ വന്നു പോയിക്കഴിയുമ്പോൾ ‘രക്ഷയുടെ ഭവനം’ എന്നു മാറ്റി ഇടാവുന്നതല്ലേ.

**കാർഡുകൾ**

ഈ വർഷം പോയിന്റുകൾ ടീച്ചർ പറയുന്നതിനു പകരം കാർഡുകൾ പ്രദർശിപ്പിക്കുകയാണ് ചെയ്യുക. താഴെ പറയുന്ന നിറങ്ങളിലുള്ള *കാർഡുകൾ:* പച്ച (10 പോയിന്റ്) മഞ്ഞ (5) വെള്ള (20) ചുവപ്പിനു (മൈനസ് പത്തു പോയിന്റ്) അതായത് ഏതെങ്കിലും ഗ്രൂപ്പ് അച്ചടക്കമില്ലാതെ പ്രവർത്തിച്ചാൽ അവർക്ക് ചുവപ്പ് കാർഡ് ലഭിക്കും. മൈനസ് പത്തു പോയിന്റ് ഒഴിവാക്കണമെങ്കിൽ അവർ

പ്രാശ്ചിത്തമായി ഒരു വിശ്വാസപ്രമാണം ചൊല്ലി കാഴ്ചവയ്ക്കണം.

താഴെ തന്നിരിക്കുന്ന ഗെയിമുകൾ അവസരത്തിനനുസരിച്ച് ഉപയോഗിക്കാവുന്നതാണ്.

**നന്മപ്പേരുകൾ**

ഗ്രൂപ്പിലെ കുട്ടികൾ അവരുടെ പേരിന്റെ ആദ്യ അക്ഷരമനുസരിച്ചുള്ള ഓരോ മൂല്യം (ഇംഗ്ലീഷിലോ മലയാളത്തിലോ) കണ്ടെത്തുക. അവ ഉപയോഗിച്ച് പേരുകൾ പറയുക.

*ഉദാഹരണത്തിന്*

നന്മയുള്ള നിമ്മി
കരുണയുള്ള കിരൺ
ആദരണീയനായ അഭിലാഷ്
ഭവ്യതയുള്ള നവ്യ
സ്നേഹമുള്ള സീന
അലിവുള്ള അബിൻ
Merciful Merin
Loving Libin
Truthful Tibin etc.

**സന്ദേശം**

എല്ലാവരിലും നന്മയുണ്ട്, മറ്റുള്ളവരെ ആദരിക്കണം, ആത്മാഭിമാനം വളർത്തണം, ആ നന്മയിലേക്ക് വളരാൻ ജീവിതം കൊണ്ട് ശ്രമിക്കണം.

## വിശുദ്ധരെ അനുകരിക്കൽ

ഒരു ഗ്രൂപ്പിൽ നിന്നും ഒരംഗം അടുത്ത ഗ്രൂപ്പിൽ ചൊല്ലുന്നു. വരുന്ന അംഗത്തോട് ഗ്രൂപ്പുകാർ ഒരു വിശുദ്ധന്റെ പേര് പറയുക. ആ അംഗം തന്റെ ഗ്രൂപ്പിന്റെ മുന്നിൽ ചെന്നു ആ വിശുദ്ധനെ ആംഗ്യങ്ങളിലൂടെ കാണിക്കുക. ഇങ്ങിനെ എല്ലാ ഗ്രൂപ്പും പരസ്പരം ചെയ്യുക. ഏറ്റവും വേഗത്തിൽ വിശുദ്ധനെ തിരിച്ചറിഞ്ഞ ഗ്രൂപ്പ് വിജയി ആയിരിക്കും.

**സന്ദേശം**

നമ്മുടെ ജീവിതം വിശുദ്ധരെ അനുകരിക്കുന്നതാവണം. നമ്മൾ അനുകരിക്കേണ്ടത് വിശുദ്ധരുടെ നല്ല പ്രവൃത്തികളേയാണ് രൂപഭാവങ്ങളെ മാത്രമല്ല.

**ആകാശ ബലൂൺ**

ബലൂൺ വീർപ്പിച്ച് ഒരു ഗ്രൂപ്പ് സ്റ്റേജിൽ എത്തി എല്ലാവരും ചേർന്ന് അത് ഊതി വായുവിൽ നിർത്തുക. കൂടുതൽ സമയം താഴെ പോവാതെ നിർത്തുന്ന ഗ്രൂപ്പ് വിജയിക്കും.

*സന്ദേശം:* കുടുംബത്തിലെ വിശുദ്ധി വേഗം ഇല്ലാതാവും. എല്ലാവരും ശ്രമിച്ചാലേ അത് സൂക്ഷിക്കുവാൻ സാധിക്കൂ. ബലൂൺ ആകാശത്ത് പറന്നു നിൽക്കാൻ കാരണം അതിന്റെ ഭാരക്കുറവാണ്. അതുപോലെ സ്വർഗ്ഗയാത്രയിൽ താഴെ വീണു പോവാതിരിക്കണമെങ്കിൽ ഭൗതീകമായ ഭാരങ്ങളും പാപഭാരങ്ങളും നമ്മൾക്കുണ്ടായിരിക്കരുത്.

**ഒബ്സ്റ്റേക്കിൾ റേസ്**

ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്താവുന്ന ഗെയിം. ഏതാനും ചില ടാസ്കുകൾ എല്ലാ അംഗങ്ങൾക്കും നൽകുക. എല്ലാ ടാസ്കുകളും ചെയ്തു ആദ്യം ഓടിയെത്തുന്ന അംഗം വിജയിക്കും. ടാസ്ക്കുകൾ അർത്ഥപൂർണ്ണമായി നൽകണം.

ഉദാഹരണത്തിന് : ആദ്യം ഓടിവന്നു പേപ്പറിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഫലങ്ങൾ എഴുതുക.

ബലൂൺ ഊതി വീർപ്പിച്ച് പൊട്ടിക്കുക.
കരുതിവച്ചിരിക്കുന്ന പൊതി തുറന്ന് അതിൽ നൽകിയിരിക്കുന്ന ടാസ്ക് ചെയ്യുക. (അഞ്ചുപേർക്ക് സ്തുതി ചൊല്ലുക)
സൂചിയിൽ നൂലു കോർക്കുക ഇത്രയും ചെയ്ത് ആദ്യമെത്തുന്നയാൾ വിജയിക്കും.
(പ്രാർത്ഥനകൾ, സുകൃതങ്ങൾ, ബൈബിൾ വചനങ്ങൾ എന്നെ പഠിപ്പിക്കാൻ നല്ലൊരു മാർഗ്ഗമാണിത്.)

**റിലേ**

ഓരോ ഗ്രൂപ്പംഗങ്ങൾ വരിവരിയായി നിൽക്കുക. ആദ്യം നിൽക്കുന്ന ആൾ ബോർഡിൽ ചെന്നു ഒരു വിശുദ്ധന്റെ ബൈബിൾ കഥാപാത്രത്തിന്റെ പേരെഴുതുക. അടുത്തയാൾ ആ പേരിന്റെ അവസാന അക്ഷരമുപയോഗിച്ച് അടുത്ത പേരെഴുതുക. ഇങ്ങിനെ ആദ്യം പൂർത്തിയാക്കുന്നവർ വിജയിക്കും.

**കാട്ടിലെ കൂട്ടുകാർ**

ക്ലാസിലെ ഓരോ കുട്ടിക്കും കാട്ടിലെ ഒരു മൃഗത്തിന്റെ പേര് നൽകുക. ഇനി ടീച്ചർ ഒരു കഥ പറയുന്നു. കഥയിൽ ഓരോ മൃഗത്തിന്റെയും പേര് പറയുമ്പോൾ ആ മൃഗത്തെ ലഭിച്ചിരിക്കുന്ന കുട്ടി ആ മൃഗത്തിന്റെ ശബ്ദമുണ്ടാക്കണം. എല്ലാ മൃഗങ്ങളും എന്നു പറയുമ്പോൾ എല്ലാവരും കരയണം. ഓരോ ഗ്രൂപ്പിനും ഓരോ മൃഗത്തിന്റെ പേര് വേണമെങ്കിലും നൽകാവുന്നതാണ്.